بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**11-09-2026**

# തിരുനബി(സ)യുടെ തവക്കുൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്ത ശേഷം ഹസൂർ അൻവർ(അയ്യദഹുല്ലാഹ്) അരുൾ ചെയ്തു: തിരുനബി(സ) അല്ലാഹുവിൽ വച്ചുപുലർത്തിയ തവക്കുലിനെക്കുറിച്ചായിരുന്നുവല്ലോ കഴിഞ്ഞ വെള്ളിയാഴ്ച വിവരിച്ചിരുന്നത്. ഇന്നും അതു തന്നെയാണ് വിഷയം. തവക്കുലുമായി ബന്ധപ്പെട്ട തിരുനബി(സ) സ്വന്തം കാര്യത്തിൽ എപ്രകാരമാണ് പ്രാർത്ഥിച്ചിരുന്നതെന്ന് ഒരു ഹദീസിൽ വന്നിട്ടുണ്ട്:

ഹദ്റത്ത് ജാബിർ ബിൻ അബ്ദില്ലാഹ് (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ)റുകൂഇൽ പോകുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു: അല്ലാഹുവേ! നിനക്കായി ഞാൻ റുകൂഅ് ചെയ്തു; നിന്നിൽ ഞാൻ വിശ്വസിച്ചു; എന്നെ ഞാൻ നിന്നിൽ അർപ്പിച്ചിരിക്കുന്നു; നിന്നിൽ ഞാൻ തവക്കുൽ ചെയ്തു. നീ മാത്രമാണ് എന്റെ റബ്ബ്. എന്റെ കേൾവിയും കാഴ്ചയും രക്തവും മാംസവും അസ്ഥികളും ഞരമ്പുകളും സർവലോകരക്ഷിതാവായ അല്ലാഹുവിനായി കീഴ്പെട്ടിരിക്കുന്നു.

മറ്റൊരു ഹദീസിൽ ഹദ്റത്ത് അബൂഹുറൈറഃ (റ) നിവേദനം ചെയ്യുന്നു; തിരുനബി(സ) അരുൾ ചെയ്തു: എനിക്ക് എന്തെങ്കിലും പ്രയാസമോ ആകുലതയോ ഉണ്ടാകുമ്പോഴെല്ലാം ജിബ്രീൽ (അ) എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് പറയുമായിരുന്നു: അല്ലയോ മുഹമ്മദ്! അവിടുന്ന് ഇപ്രകാരം പറയുക: എന്നെന്നും ജീവിച്ചിരിക്കുന്ന ആ സത്തയിൽ ഞാൻ തവക്കുൽ ചെയ്തിരിക്കുന്നു. ഒരു പുത്രനെയും സ്വീകരിക്കാത്ത, തന്റെ ആധിപത്യത്തിൽ യാതൊരു പങ്കാളിയുമില്ലാത്ത, ബലഹീനത കാരണം ഒരു സഹായിയുടെയും ആവശ്യമില്ലാത്ത അല്ലാഹുവിന്നത്രേ സർവ്വ സ്തുതിയും. അതിനാൽ അവന്റെ മഹത്വത്തെ നീ വലിയ തോതിൽ വാഴ്ത്തുക.

ഹുസൂർ തിരുമനസ്സ് പറഞ്ഞു:തിരുനബി (സ)യുടെ ദൃഷ്ടി സദാസമയം അല്ലാഹുവിലേക്ക് മാത്രമായിരുന്നു. അവിടുത്തെ ഈ ഉന്നതമായ സവിശേഷതയെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഒരു സന്ദർഭത്തിൽ തന്റെ തഫ്സീറിൽ ഇപ്രകാരം എഴുതുകയുണ്ടായി:

തിരുനബി (സ)ക്ക് അല്ലാഹുവിൽ എങ്ങനെയുള്ള തവക്കുലായിരുന്നുവെന്നാൽ, ഏതൊരു ആപത്തിലും പ്രയാസത്തിലും അങ്ങയുടെ ദൃഷ്ടി അവനിലേക്ക് മാത്രമായിരിക്കും; അല്ലാഹുവല്ലാത്ത മറ്റെല്ലാ വസ്തുക്കളിൽ നിന്നും ശ്രദ്ധ തിരിച്ചുകളയുകയും ചെയ്യും. അവിടുന്ന് ഇക്കാലത്തെ ചില സൂഫികളെപ്പോലെ ഭൗതിക മാർഗോപാധികളെ പാടെ ഉപേക്ഷിക്കുന്നവനായിരുന്നില്ല എന്ന് നിസ്സംശയം പറയാം. നബിതിരുമേനി(സ)ഭൗതികമാർഗോപാധികൾഉപയോഗപ്പെടുത്തിയിരുന്നു; എന്തെന്നാൽ ഭൗതിക മാർഗ്ഗങ്ങളെ ഉപേക്ഷിക്കുക എന്നത് അല്ലാഹുവിന്റെ പടപ്പുകളെ അവഹേളിക്കലാണ്; അവന്റെ സൃഷ്ടിപ്പിനെ നിരർത്ഥകമാക്കലാണ്. എന്നിരുന്നാലും ആവശ്യമായ മാർഗ്ഗങ്ങൾ സജ്ജമാക്കിയ ശേഷം അവിടുന്ന് പൂർണ്ണമായും അല്ലാഹുവിൽ തവക്കുൽ ചെയ്യുമായിരുന്നു. ഭൗതികമാർഗ്ഗങ്ങൾ ഒരുക്കുമെങ്കിലും അവയിൽ തിരുമേനി (സ) ഒരിക്കലും ഭരമേൽപ്പിക്കുകയോ വിശ്വാസം അർപ്പിക്കുകയോ ചെയ്തിരുന്നില്ല; മറിച്ച്, അല്ലാഹു

വിന്റെ അനുഗ്രഹത്തിൽ മാത്രമായിരുന്നു അവിടുത്തെ പ്രതീക്ഷ മുഴുവൻ.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) പ്രസ്താവിക്കുന്നു: തിരുനബി (സ) ഒരോ പരിഭ്രമ വേളയിലും ഇപ്രകാരം ചൊല്ലുമായിരുന്നു:

لَآ اِلٰهَ اِلَّا هُوَ رَبُّ الْعَرْشِ الْعَظِيْمِ لَآ اِلٰهَ اِلَّا هُوَ رَبُّ السَّمٰوٰتِ وَ رَبُّ الْاَرْضِ وَ رَبُّ الْعَرْشِ الْكَرِيْمِ

അതായത്: അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല, അവൻ മഹത്തായ അർശിന്റെ നാഥനാകുന്നു. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല, അവൻ ആകാശങ്ങളുടെയും ഭൂമിയുടെയും ആദരണീയ അർശിന്റെയും നാഥനാകുന്നു. അഥവാ എന്റെ പൂർണ്ണ വിശ്വാസവും തവക്കുലും അല്ലാഹുവിൽ മാത്രമാകുന്നു.

മക്കയിലെ മുശ്രിക്കുകൾ നബിതിരുമേനിയെ പ്രലോഭനങ്ങൾ നല്കി മോഹിപ്പിക്കാൻ ശ്രമിച്ചപ്പോൾ തിരുമേനി അതിന് അല്ലാഹുവിൽ തവക്കുൽ ചെയ്ത് മറുപടി നല്കുകുയുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ യഥാർഥ ചരിത്ര സംഭവങ്ങളുടെ ചിത്രം വരച്ചുകാട്ടിക്കൊണ്ട് ഇപ്രകാരം വിവരിക്കുന്നു:

റസൂലുല്ലാഹി (സ) അല്ലാഹുവിന്റെ തൗഹീദിനെക്കുറിച്ച് ജനങ്ങളെ ഉപദേശിക്കാനും ശിർക്കിനെ എതിർക്കാനും തുടങ്ങിയപ്പോൾ മക്കക്കാർക്ക് അത് തീരെ രസിച്ചില്ല. ഒടുവിൽ ഒരു ദിവസം അവർ ഒരു ധാരണയിലെത്തുകയും ഒരു പ്രതിനിധി സംഘമായി റസൂലുല്ലാഹി (സ)-യുടെ പിതൃവ്യനായ അബൂത്വാലിബിന്റെ അരികിൽ വരികയും ചെയ്തു. അവർ പറഞ്ഞു: 'താങ്കൾ ഞങ്ങളുടെ ഗോത്രത്തിന്റെ നേതാവാണ്, ഞങ്ങൾക്ക് താങ്കളോട് വലിയ ബഹുമാനമുണ്ട്; ആ ബഹുമാനം കാരണമാണ് ഞങ്ങൾ താങ്കളുടെ സഹോദരപുത്രനെ ഇതുവരെ ഒന്നും ചെയ്യാതിരുന്നത്. എന്നാൽ ഇപ്പോൾ കാര്യങ്ങൾ പരിധി ലംഘിച്ചിരിക്കുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നുള്ള അവസാന വാക്ക് അവനോട് പറയാൻ വേണ്ടിയാണ് ഞങ്ങൾ ഇപ്പോൾ താങ്കളുടെ അടുക്കൽ വന്നിരിക്കുന്നത്. തുടർന്ന് ഉത്ബഃ റസൂലുല്ലാഹി (സ)യോട് പറഞ്ഞ കാര്യങ്ങൾ തന്നെ അവർ ആവർത്തിച്ചു. അതായത് ഉന്നത കുടുംബത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീയോ പണമോ സമ്പത്തോ ഭരണാധികാരമോ നല്കാമെന്ന് പ്രലോഭിപ്പിച്ചു. അവർ പറഞ്ഞു: ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കരുതെന്ന് അവനോട് പറയണം. ഞങ്ങളുടെ വിഗ്രഹങ്ങളെ അവൻ വിശ്വസിക്കണമെന്ന് ഞങ്ങൾ നിർബന്ധിക്കുന്നില്ല. ഞങ്ങളുടെ വിഗ്രഹങ്ങളെക്കുറിച്ച് കുറ്റം പറയരുത് എന്ന് മാത്രമാണ് ഞങ്ങൾ പറയുന്നത്. അവൻ ഞങ്ങളുടെ ഈ വ്യവസ്ഥകളൊന്നും സമ്മതിക്കുന്നില്ലെങ്കിൽ പിന്നെ താങ്കൾ അവന്റെ സംരക്ഷണം ഉപേക്ഷിക്കണം; ഞങ്ങൾ തന്നെ അവനുമായി കാര്യങ്ങൾ തീരുമാനിച്ചുകൊള്ളാം. അബൂത്വാലിബ് വളരെ നല്ലൊരു മനുഷ്യനായിരുന്നു; റസൂലുല്ലാഹി (സ)-യോട് അദ്ദേഹത്തിന് വലിയ സ്നേഹമായിരുന്നു. എങ്കിലും അദ്ദേഹത്തിന്തന്റെനേതൃസ്ഥാനവുംവളരെപ്രിയപ്പെട്ടതായിരുന്നു. അദ്ദേഹം റസൂലുല്ലാഹി (സ)യെ വിളിച്ചുവരുത്തി പറഞ്ഞു:

ഇന്ന് നിന്റെ ജനത എന്റെ അടുക്കൽ വന്നിരുന്നു. അവർ പറഞ്ഞു: അബൂത്വാലിബ്, ഞങ്ങൾക്ക് താങ്കളോട് വലിയ ബഹുമാനമുണ്ട്, ആ ബഹുമാനം കാരണം ഞങ്ങൾ ഇതുവരെ നിന്റെ സഹോദര പുത്രനെ ഒന്നും ചെയ്തില്ല; എന്നാൽ ഇപ്പോൾ കാര്യങ്ങൾ പരിധി ലംഘിച്ചിരിക്കുന്നു. അവൻ മറ്റൊന്നും സമ്മതിക്കുന്നില്ലെങ്കിൽ ഞങ്ങളുടെ വിഗ്രഹങ്ങളെ കുറ്റം പറയരുത് എന്ന് മാത്രം അവനോട് പറയുക; അവനെ ഞങ്ങളുടെ രാജാവാക്കാൻ ഞങ്ങൾ തയ്യാറാണ്, ധനമാണ് ആവശ്യമെങ്കിൽ ധനം നൽകാൻ ഞങ്ങൾ തയ്യാറാണ്. അറബികളിൽ അവനേക്കാൾ വലിയ ധനികൻ വേറെയുണ്ടാകില്ല, ഇനി ഏതെങ്കിലും സുന്ദരിയായ ഭാര്യയെ ആവശ്യമുണ്ടെങ്കിൽ ഏറ്റവും നല്ല സ്ത്രീയുമായി അവന്റെ വിവാഹം നടത്തിത്തരാൻ ഞങ്ങൾ തയ്യാറാണ്. ചുരുക്കത്തിൽ, അവൻ ഏത് ആവശ്യം ഉന്നയിച്ചാലും അത് പൂർത്തിയാക്കാൻ ഞങ്ങൾ തയ്യാറാണ്. അവൻ ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കാതിരുന്നാൽ മാത്രം മതി!

റസൂലുല്ലാഹി(സ)യോട് അബൂത്വാലിബ് ഒട്ടനവധി ഉപകാരങ്ങൾ ചെയ്തിട്ടുണ്ട്. ബാല്യം മുതൽ അങ്ങയെ വളരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടിയാണ് അദ്ദേഹം വളർത്തിയത്, എല്ലാ ദുഃഖങ്ങളിലും പ്രയാസങ്ങളിലും അങ്ങയോടൊപ്പം നിലകൊണ്ടിരുന്നു. റസൂലുല്ലാഹി (സ) തന്റെ പിതൃവ്യന്റെ ഈ അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഉപകാരങ്ങൾ ഓർത്ത് അങ്ങയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. എങ്കിലും അവിടുന്ന് അരുൾ ചെയ്തു: പ്രിയ പിതൃവ്യാ! താങ്കൾ എന്നെ സഹായിക്ക

ണമെന്ന് ഞാൻ നിർബന്ധിക്കുന്നില്ല; താങ്കൾക്ക് വേണമെങ്കിൽ സ്വന്തം ജനതയോടൊപ്പം നിൽക്കാം, എന്നെ ഉപേക്ഷിക്കാം! അല്ലാഹുവാണെ സത്യം, ഈ ആളുകൾ സൂര്യനെ എന്റെ വലതുഭാഗത്തും ചന്ദ്രനെ എന്റെ ഇടതുഭാഗത്തും കൊണ്ടുവന്ന് നിർത്തിയാൽ പോലും ഞാൻ ഏകനായ ദൈവത്തിന്റെ സ്മരണയിൽ നിന്ന് പിന്മാറുകയില്ല!

അല്ലാഹുവിന്റെ പവിത്ര സത്തയിലുള്ള വിശ്വാസത്തിന്റെയും പൂർണ്ണ തവക്കുലിന്റെയും ഈ ഉന്നത പദവി മറ്റെങ്ങും കാണാൻ കഴിയില്ല. ഈ സംഭവത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: ബഹുദൈവാരാധകർ അശുദ്ധരും മലിനരുമാണ്, അവർ *ശർറുൽ ബരിയ്യഃ* (സൃഷ്ടികളിൽ വെച്ച് ഏറ്റവും മോശക്കാർ) ആണ്, *സുഫഹാഅ്* (വിഡ്ഢികൾ) ആണ്, ശയ്ത്വാന്റെ സന്തതികളാണ്, അവരുടെ ആരാധ്യന്മാർ *വഖൂദുന്നാർ* (നരകാഗ്നിയുടെ വിറകുകൾ) ആണ്, *ഹസബു ജഹന്നം* (നരകത്തിലെ ഇന്ധനങ്ങൾ) ആണ് എന്ന് ഖുർആനിക വചനം അവതരിച്ചപ്പോൾ, അബൂത്വാലിബ് റസൂലുല്ലാഹി (സ) യെ വിളിച്ചുവരുത്തി പറഞ്ഞു: എന്റെ സഹോദര പുത്രാ! നിന്റെ ഈ അധിക്ഷേപം കാരണം ജനങ്ങൾ കടുത്ത രോഷാകുലരായിരിക്കുന്നു; അവർ നിന്നെ നശിപ്പിക്കാൻ ഒരുങ്ങിയിരിക്കുന്നു, അതോടൊപ്പം എന്നെയും! നീ അവരുടെ ബുദ്ധിമാന്മാരെ വിഡ്ഢികളാക്കി, അവരുടെ മുതിർന്നവരെ ശർറുൽ ബരിയ്യഃ എന്ന് വിളിച്ചു, അവർ ആദരിച്ചിരുന്ന ആരാധ്യന്മാരെ ഹൈസമെ ജഹന്നം അഥവാ നരകത്തിലെ വിറക് എന്നും വഖൂദുന്നാർ എന്നും പേരിട്ടു; പൊതുവെ അവരെയെല്ലാം അശുദ്ധരും ശയ്ത്വാന്റെ സന്തതികളും മലിനരുമാക്കി! നിന്നോടുള്ള ഗുണകാംക്ഷ മുൻനിർത്തി ഞാൻ പറയുന്നു: നീ നിന്റെ നാവ് നിയന്ത്രിക്കുക, അധിക്ഷേപിക്കുന്നതിൽ നിന്ന് പിന്മാറുക; അല്ലാത്തപക്ഷം ഈ ജനതയെ ചെറുത്തുനിൽക്കാനുള്ള ശേഷി എനിക്കില്ല.

റസൂലുല്ലാഹി (സ) മറുപടിയായി പറഞ്ഞു: പ്രിയ പിതൃവ്യാ! ഇത് അധിക്ഷേപിക്കലല്ല; മറിച്ച് വസ്തുതകൾ വെളിപ്പെടുത്തലും കാര്യങ്ങൾ അതിന്റെ യഥാർത്ഥ സ്ഥാനത്ത് തുറന്നുപറയലുമാണ്! ഈ ഒരു കർത്തവ്യത്തിന് വേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ പേരിൽ എനിക്ക് മരണം വരിക്കേണ്ടി വന്നാലും ഞാൻ സന്തോഷത്തോടെ ആ മരണം സ്വീകരിക്കുന്നു. എന്റെ ജീവിതം ഈ മാർഗ്ഗത്തിൽ സമർപ്പിക്കപ്പെട്ടതാണ്! മരണത്തെ ഭയന്ന് സത്യം വെളിപ്പെടുത്തുന്നതിൽ നിന്ന് എനിക്ക് പിന്മാറാൻ കഴിയില്ല. പ്രിയ പിതൃവ്യാ! അങ്ങേക്ക് അങ്ങയുടെ ബലഹീനതയെക്കുറിച്ചോ പ്രയാസങ്ങളെക്കുറിച്ചോ ആശങ്കയുണ്ടെങ്കിൽ എന്നെ സംരക്ഷിക്കുന്നതിൽ നിന്ന് അങ്ങേക്ക് പിന്മാറാം! അല്ലാഹുവാണെ സത്യം, എനിക്ക് അങ്ങയുടെ യാതൊരു സഹായവും ആവശ്യമില്ല! അല്ലാഹുവിന്റെ കൽപ്പനകൾ എത്തിച്ചുകൊടുക്കുന്നതിൽ നിന്ന് ഞാൻ ഒരിക്കലും പിന്മാറുകയുമില്ല. എന്റെ നാഥന്റെ കൽപ്പനകൾ എനിക്ക് എന്റെ ജീവനേക്കാൾ പ്രിയപ്പെട്ടതാണ്. അല്ലാഹുവാണെ സത്യം, ഈ മാർഗ്ഗത്തിൽ ഞാൻ കൊല്ലപ്പെടുകയാണെങ്കിൽ, വീണ്ടും വീണ്ടും ജീവൻ പ്രാപിച്ച് ഈ മാർഗ്ഗത്തിൽ തന്നെ എന്നും രക്തസാക്ഷിത്വം വഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നു! ഇത് ഭയപ്പെടേണ്ട സാഹചര്യമല്ല; മറിച്ച് അവന്റെ മാർഗ്ഗത്തിൽ കഷ്ടപ്പാടുകൾ സഹിക്കുന്നതിൽ എനിക്ക് അപാരമായ ആനന്ദമാണുള്ളത്!

റസൂലുല്ലാഹി (സ) ഇതു പറയുമ്പോൾ അവിടുത്തെ തിരുമുഖത്ത് സത്യസന്ധതയും ദിവ്യപ്രകാശവും നിറഞ്ഞ വിതുമ്പൽ പ്രകടമായിരുന്നു. റസൂലുല്ലാഹി (സ) ഈ സംസാരം അവസാനിപ്പിച്ചപ്പോൾ, സത്യത്തിന്റെ ആ ദിവ്യപ്രകാശം കണ്ട് അബൂത്വാലിബിന് തന്റെ കണ്ണുനീർ അടക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: നിന്റെ ഈ ഉന്നത അവസ്ഥയെക്കുറിച്ച് ഞാൻ അജ്ഞനായിരുന്നു! നീ വേറൊരു ഭാവത്തിലും വേറൊരു മഹത്ത്വത്തിലുമാണ്! പോകൂ, നീ നിന്റെ കർത്തവ്യത്തിൽ വ്യാപൃതനാകൂ; ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം, എന്റെ കഴിവ് അനുവദിക്കുന്നിടത്തോളം ഞാൻ നിന്നോടൊപ്പം ഉണ്ടാകും!

ഇതുപോലെ തന്നെ താഇഫിൽ നിന്നുള്ള മടക്കയാത്രയിലും റസൂലുല്ലാഹി (സ)യുടെ തവക്കുലിന്റെ ഉന്നതമായ ഒരു സംഭവമുണ്ട്. അവിടുന്ന് ഒറ്റയ്ക്ക് താഇഫിലെ പ്രമുഖരുടെ അടുക്കൽ ഇസ്‌ലാം പ്രബോധിക്കാനായി പോയി. എന്നാൽ അവർ അങ്ങയോട് അങ്ങേയറ്റം അനീതിയോടും അക്രമത്തോടും കൂടിയാണ് പെരുമാറിയത്. തിരികെ മടങ്ങുമ്പോൾ മക്കയിലേക്ക് പ്രവേശിക്കാൻ യാതൊരു വഴിയും ഉണ്ടായിരുന്നില്ല.

ഹദ്റത്ത് സൈദ് ബിൻ ഹാരിഥഃ (റ) എന്ന സേവകൻ മാത്രമാണ് അങ്ങയോടൊപ്പം ഉണ്ടായിരുന്നത്. കാര്യങ്ങൾ എന്താകും എന്നോർത്ത് അദ്ദേഹം ഏറെ ആകുലനായിരുന്നു. എന്നാൽ റസൂലുല്ലാഹി (സ)ക്ക് തന്റെ നാഥനിൽ പരിപൂർണ്ണമായ തവക്കുൽ ഉണ്ടായിരുന്നു.
ഈ സംഭവത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് സൈദ് ബിൻ ഹാരിഥഃ (റ) നിവേദനം ചെയ്യുന്നു; ഞാൻ അങ്ങയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അവർ അങ്ങയെ പുറത്താക്കിയ സ്ഥിതിക്ക് ഇനി അവിടുന്ന് എപ്രകാരമാണ് മക്കയിൽ പ്രവേശിക്കുക?റസൂലുല്ലാഹി (സ) തവക്കുലിന്റെ പൂർണമഹത്വത്തോടെ മറുപടി നൽകി: ഹേ സൈദ്! താങ്കൾ കാണുക തന്നെ ചെയ്യും; അല്ലാഹു തീർച്ചയായും ഇതിനൊരു വഴി തുറന്നുതരികയും, അല്ലാഹു തന്റെ ദീനിനെ സഹായിക്കുകയും, തന്റെ നബിയെ വിജയിപ്പിക്കുകയും ചെയ്യും!
തുടർന്ന് റസൂലുല്ലാഹി (സ) ഖുറൈശി നേതാക്കൾക്ക് സന്ദേശമയച്ച്, അങ്ങേയ്ക്ക് അഭയം നൽകി മക്കയിൽ പ്രവേശിപ്പിക്കാനുള്ള ഏർപ്പാടു ചെയ്യാൻ ആവശ്യപ്പെട്ടു. ഖുറൈശി നേതാക്കളെല്ലാം നിരസിച്ചെങ്കിലും, ഒടുവിൽ മുത്ഇം ബിൻ അദിയ്യ് എന്ന ഉദാരമനസ്കനായ ഒരു ഖുറൈശി പ്രമുഖൻ അങ്ങേയ്ക്ക് അഭയം നൽകി മക്കയിൽ പ്രവേശിപ്പിക്കാമെന്ന് പ്രഖ്യാപിച്ചു.
തിരുനബി(സ)യുടെ ഹിജ്റ വേളയിൽ അല്ലാഹുവിലുള്ള തവക്കുലിന്റെ മാതൃകകൾ എന്തൊക്കെയായിരുന്നു? റസൂലുല്ലാഹി (സ)ക്ക് ഹിജ്റയ്ക്കുള്ള ദിവ്യാനുമതി ലഭിച്ചപ്പോൾ, അവിടുന്ന് തന്റെ യാത്രയുടെ വിവരങ്ങൾ ഹദ്റത്ത് അലി (റ)യെ അറിയിക്കുകയും ത്യാഗനിർഭരമായ ഒരു ചുമതല അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തു. അതായത്, അന്ന് രാത്രി അങ്ങയുടെ കിടക്കയിൽ തിരുമേനി (സ) സാധാരണ പുതച്ചുറങ്ങാറുള്ള പച്ച (മറ്റൊരു നിവേദനപ്രകാരം ചുവപ്പ്) നിറത്തിലുള്ള പുതപ്പ് പുതച്ച് ഉറങ്ങുക. സ്വന്തം ജീവൻ തൃണവൽഗണിച്ച ഈ വിശ്വസ്ത സേവകന് ദിവ്യസഹായവും സംരക്ഷണവും വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്ന് അരുളിച്ചെയ്തു:താങ്കൾയാതൊന്നുംഭയപ്പെടേണ്ടതില്ല; ശാന്തനായി എന്റെ കിടക്കയിൽ ഉറങ്ങിക്കൊള്ളുക! ശത്രുക്കൾക്ക് താങ്കളുടെ ഒരു രോമത്തിൽ പോലും തൊടാൻ കഴിയില്ല.
തുടർന്ന് റസൂലുല്ലാഹി (സ) തന്റെ വീട്ടിൽ നിന്ന് പുറത്തേക്ക് പോയി. ആ സമയം, മക്കയിലെ തെരഞ്ഞെടുക്കപ്പെട്ട ക്രൂരന്മാരായ യോദ്ധാക്കൾ കൈകളിൽ വാളുകളുമേന്തി അങ്ങയുടെ വീടിന് പുറത്ത് കനത്ത കാവൽ നിൽക്കുകയായിരുന്നു. രാത്രി ഇരുണ്ട് വെളുക്കുമ്പോൾ ഒറ്റയടിക്ക് റസൂലുല്ലാഹി (സ)യുടെ കഥ കഴിക്കാനായിരുന്നു അവരുടെ നീക്കം. നഊദുബില്ലാഹ്! അവരുടെ തലവനായ അബൂജഹൽ കടുത്ത അഹങ്കാരത്തോടും പരിഹാസത്തോടും കൂടെ പറയുന്നുണ്ടായിരുന്നു: ഇക്കാര്യത്തിൽ നിങ്ങൾ അവനെ അനുഗമിക്കുകയാണെങ്കിൽ നിങ്ങൾ അറബികളുടെയും അജമികളുടെയും രാജാക്കന്മാരായി മാറും എന്നും, മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമ്പോൾ ജോർദാനിലെ തോട്ടങ്ങൾ പോലെ നിങ്ങൾക്ക് സ്വർഗ്ഗീയ തോട്ടങ്ങൾ ഉണ്ടാകും എന്നും, ഇനി നിങ്ങൾ അങ്ങനെ ചെയ്തില്ലെങ്കിൽ നിങ്ങൾക്കിടയിൽ വധവും നാശവും ഉണ്ടാകും എന്നുമാണല്ലോ മുഹമ്മദ് വാദിക്കുന്നത്!
റസൂലുല്ലാഹി (സ) യാത്രയ്ക്കായി വീട്ടിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ പറഞ്ഞു: അതെ! ഞാൻ അങ്ങനെത്തന്നെയാണ് പറയുന്നത്! തുടർന്ന് അവിടുന്ന് സൂറത്തു യാസീനിലെ 2-10 വരെയുള്ള വചനങ്ങൾ പാരായണം ചെയ്യുകയും അവരുടെ തലകളിലേക്ക് മണ്ണ് വാരിയെറിയുകയും ചെയ്തുകൊണ്ട് അവരുടെ മുന്നിലൂടെ നടന്നുപോയി. അല്ലാഹുവിന്റെ അദ്ഭുതകരമായ ഖുദ്റത്ത് കാരണം, അവിടുന്ന് പോകുമ്പോൾ അവരിൽ ആർക്കും അങ്ങയെ കാണാൻ കഴിഞ്ഞില്ല! മറിച്ച്, അവിടുന്ന് തങ്ങളുടെ കിടക്കയിൽ തന്നെ ഉണ്ടെന്ന് ഇടയ്ക്കിടെ ഉള്ളിലേക്ക് നോക്കി ഉറപ്പുവരുത്തുകയായിരുന്നു അവർ.
ഖുതുബയുടെ അവസാനം ഹുസൂർ അൻവർ പറഞ്ഞു:
ഹിജ്റയെക്കുറിച്ചും അവിടുത്തെ തവക്കുലിനെയും ധീരതയെയും കുറിച്ചും പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്യുന്നു: റസൂലുള്ളാഹി (സ) ഉപരോധിക്കപ്പെട്ട അഗ്നിപരീക്ഷാ വേളയിലാണ് അബൂബക്കർ സിദ്ദീഖ് (റ)ന്റെ സിദ്ഖ് (സത്യസന്ധത) വെളിപ്പെട്ടത്. ആ ഒരു ഘട്ടത്തിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)കാണിച്ചുതന്ന സത്യസന്ധതയുടെയും കൂറിന്റെ മാതൃക എന്നെന്നും അനശ്വരമായി നിലനിൽക്കുന്ന ഒന്നാണ്. ശത്രുക്കൾ ഗുഹയ്ക്കുമുകളിൽ നിൽക്കുന്നു, പലതരം

ചർച്ചകൾ നടക്കുന്നു. ചിലർ പറയുന്നു: ഈ ഗുഹയ്ക്കുള്ളിൽ തിരച്ചിൽ നടത്തൂ, കാരണം കാൽപ്പാടുകൾ ഇവിടെ വന്നാണ് അവസാനിക്കുന്നത്. എന്നാൽ മറ്റു ചിലർ പറയുന്നു: ഇവിടെ മനുഷ്യർക്ക് എങ്ങനെ കടക്കാൻ കഴിയും? ചിലന്തി വല നെയ്തിരിക്കുന്നു, പ്രാവ് മുട്ടയിട്ടിരിക്കുന്നു! ഇത്തരം സംസാരങ്ങൾ ഗുഹയ്ക്കുള്ളിലേക്ക് എത്തുന്നുണ്ടായിരുന്നു; അവിടുന്ന് വളരെ വ്യക്തമായി അത് കേൾക്കുന്നുമുണ്ടായിരുന്നു. ഇസ്‌ലാമിനെ അവസാനിപ്പിക്കാൻ ഭ്രാന്തന്മാരെപ്പോലെ പാഞ്ഞടുത്ത ശത്രുക്കൾ എത്തിനിൽക്കുന്ന ആ അവസ്ഥയിലും അവിടുത്തെ അപാരമായ ധീരത നോക്കൂ! ശത്രുക്കൾ തൊട്ടുമുകളിലുള്ളപ്പോൾ അവിടുന്ന് തന്റെ വിശ്വസ്തനായ സുഹൃത്ത് സിദ്ദീഖിനോട് പറയുന്നു: **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ!** ഈ വാക്കുകൾ വളരെ വ്യക്തമായി കാണിക്കുന്നത് അവിടുന്ന് ശബ്ദമുയർത്തിത്തന്നെയാണ് അത് പറഞ്ഞത് എന്നാണ്. കാരണം ഇതിന് ശബ്ദം ആവശ്യമാണ്, ആംഗ്യം കൊണ്ട് കാര്യം നടക്കില്ല! പുറത്ത് ശത്രുക്കൾ ആലോചന നടത്തുന്നു, ഉള്ളിൽ ഗുഹയിൽ സേവകനും നായകനും സംസാരിച്ചുകൊണ്ടിരിക്കുന്നു! ശത്രുക്കൾ ശബ്ദം കേൾക്കുമെന്ന ഭയം പോലുമുണ്ടായില്ല; ഇത് അല്ലാഹുവിലുള്ള പരിപൂർണ്ണ വിശ്വാസത്തിന്റെയും മഅ്രിഫത്തിന്റെയും തെളിവാണ്. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ പരിപൂർണ്ണമായ ഭരമേൽപ്പിക്കലാണ്!

اللهم صلی علی محمد وعلی و ال محمد
وبارک وسلم انک حمید مجید۔

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
MASJID MUBARAK UK ON 11.09.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516